# <u>നവകേരളീയം കുടിശ്ശിക നിവാരണം</u>– 2018

**Email :** keralarcs.coop@kerala.gov.in
**Website : www. cooperation. kerala.gov.in.**

A.E.L 339/18

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 02.02.2018

# സർക്കുലർ നമ്പർ 6 /18

വിഷയം– സഹകരണ വകുപ്പ്– സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി -ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 സംഘടിപ്പിക്കുന്നത്–മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച്.

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പയെടുത്ത സഹകാരികൾ വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ കുടിശ്ശിക/നിഷ്ക്രിയ ആസ്തി വർദ്ധിച്ചു വരുന്ന സാഹചര്യം നിലനിൽക്കുന്നു. തൻമൂലം സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടം കൂടുന്നതിനും, ആയത് സംഘങ്ങൾ/ബാങ്കുകളുടെപ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടവരുത്തുന്നു.

ഈ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പദ്ധതി **"നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 2018"** നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## <u>നവകേരളീയം കുടിശ്ശിക നിവാരണം -2018</u>

ഈ പദ്ധതിയുടെ കാലാവധി **2018 ഫെബ്രുവരി 15 മുതൽ മാർച്ച് 25** വരെ ആയിരിക്കും. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും. കരുതൽ വെക്കേണ്ടി വന്നതും, സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടത്തിന് ഇടയാക്കുന്നതുമായ കുടിശ്ശിക/നിഷ്ക്രിയ ആസ്തിയായ കാലപ്പഴക്കമുള്ള വായ്പകൾ ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിനും ഇതിലൂടെ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക പരമാവധി കുറയ്ക്കുകയും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതയിലൂടെ ലക്ഷ്യമിടുന്നത്. മാത്രമല്ല നല്ല രീതിയിൽ വായ്പാ തിരിച്ചടവ് നട

ത്തുന്നവർക്ക് പലിശ ഇൻസെന്റീവും പദ്ധതി ലക്ഷ്യമിടുന്നു. **"സംഘങ്ങൾക്ക് പരിരക്ഷ, സഹകാരികൾക്ക് ആശ്വാസം"** എന്നതാണ് 2018 ലെ കുടിശ്ശിക നിവാരണ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.

## <u>പദ്ധതിയുടെ നടത്തിപ്പിനായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു</u>

- 2017 ഡിസംബർ 31 വരെ പൂർണ്ണമായോ ഭാഗികമായോ കുടിശ്ശികയായ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കലിനായി പരിഗണിക്കാവുന്നതാണ്.
- ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിനു വിധേയരായവർ, ഗുരുതരമായ ഹൃദയസംബന്ധ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ, അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ചികിൽസിച്ച് മാറ്റാൻ കഴിയാത്ത മാനസികരോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ടി രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ (കുടുംബം എന്നാൽ അച്ഛൻ, അമ്മ, മക്കൾ) അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന കുട്ടികൾ തുടങ്ങിയവരുടെ വായ്പകൾ തുടങ്ങി ഓരോ വായ്പാക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി വായ്പ ബാധ്യത തീർപ്പാക്കാവുന്നതാണ്.
- വായ്പാക്കാരന്റെ നിലവിലെ സാഹചര്യം, സാമ്പത്തിക സ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ ഭരണസമിതി വിലയിരുത്തി ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പാക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയിലാകുകയും ടി ധാരണ പ്രകാരം വായ്പാ തിരിച്ചടവിന് അവസരം നൽകേണ്ടതുമാണ്.
- 100% കരുതൽ വെയ്ക്കേണ്ടി വന്ന വായ്പകൾ ഈ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിന് പ്രത്യേകം മുൻഗണന നൽകേണ്ടതാണ്.
- ഈ പദ്ധതി പ്രകാരം പലിശ കണക്കാക്കേണ്ടത് സാധാരണ പലിശയായാണ്.
- എല്ലാ വായ്പാ ഒത്തു തീർപ്പുകളിലും പിഴപലിശ പൂർണ്ണമായും ഒഴിവാക്കാണ്ടേതും ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ്, കോടതിച്ചെലവുകൾ/പരസ്യച്ചെലവുകൾ എന്നിവ ഈടാക്കിയും വായ്പ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.

### ➢ <u>10,000 രൂപ വരെയുള്ള വായ്പകൾ</u>

5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 10,000 രൂപ വരെയുള്ള വായ്പകളിൽ സംഘം തല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മുതൽ തുക മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. ഇത്തരം വായ്പകളുടെ കാലപ്പഴക്കം

സംബന്ധിച്ച കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തി പൂർണ്ണമായും ഇളവിന് അർഹമാണെന്ന ബോധത്തിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടതാണ്.

5 വർഷത്തിൽ താഴെ കുടിശ്ശികയായ 10,000/– രൂപ വരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകാവുന്നതാണ്. അത് ഇപ്രകാരമായിരിക്കും.

| | |
|---|---|
| **1 വർഷം കുടിശ്ശികയായത്** | **: 10% ഇളവ്** |
| **2 വർഷം കുടിശ്ശികയായത്** | **: 20% ഇളവ്** |
| **3 മുതൽ 5 വർഷം വരെ കുടിശ്ശികയായത്** | **: 30% മുതൽ 50% വരെ** |

സംഘം തല കമ്മിറ്റിയുടെ (കമ്മിറ്റിയുടെ ഘടന അവസാനം ചേർത്തിട്ടുണ്ട്) തീരുമാനപ്രകാരം ഈ ഇളവുകൾ അനുവദിച്ചു നൽകാവുന്നതാണ്.

## ➢ <u>ഒരു ലക്ഷം രൂപ വരെ കുടിശ്ശികയായ മരണപ്പെട്ടവരുടെയോ, മാരകരോഗം ബാധിച്ചവരുടെയോ വായ്പകൾ</u>

മരണപ്പെട്ടതോ, മാരകരോഗങ്ങൾ ബാധിച്ചവരോ ആയവരുടെ വായ്പകളിൻമേൽ പലിശയുടെ 50% വരെ സംഘംതല സമിതിക്ക് ഇളവ് അനുവദിക്കാവുന്നതാണ്. 1 ലക്ഷം രൂപ വരെയുള്ള കുടിശ്ശിക വായ്പയുടെ പലിശ പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത പൂർണ്ണമായോ ഭാഗികമായോ സംഘം തല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റിക്ക് 50% വരെ ഇളവനുവദിക്കാവുന്നതാണ്. ഇത്തരം കേസുകളിൽ സംഘംതല കമ്മിറ്റിയുടെ വ്യക്തമായ ശുപാർശയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ ജില്ലാകമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്. 1,00,000 –ൽ അധികം വരുന്ന ഇളവുകൾ ജില്ലാതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല കമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതാണ്. ഇപ്രകാരം ഇത്തരം വായ്പകളുടെ ബാധ്യത അവസാനിപ്പിക്കാവുന്നതും, ഇളവനുവദിച്ചവരുടെ പട്ടിക, ഇളവനുവദിച്ച തുക എന്നിവ സഹിതം അടുത്ത പൊതുയോഗത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

ഒരു ലക്ഷത്തിന് മുകളിലുള്ള വായ്പകളുടെ മുതൽ സംഖ്യയിൽ ഏതെങ്കിലും തരത്തിലുള്ള ഇളവ് അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാനതല കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. 1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കേസുകൾ സംഘംതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) ശുപാർശ ചെയ്ത് കൃത്യമായ അനുബന്ധരേഖകൾ സഹിതം ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. സ്റ്റിയറിംഗ് കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കും പ്രകാരമാണ്.

| | | |
|---|---|---|
| **ബഹു. സഹകരണവകുപ്പ് മന്ത്രി** | : | **ചെയർമാൻ** |
| **ഗവൺമെന്റ് സെക്രട്ടറി** | : | **അംഗം** |
| **സഹകരണ സംഘം രജിസ്ട്രാർ** | : | **അംഗം** |
| **അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)** | : | **അംഗം** |

- **2,00,000 രൂപ വരെയുള്ള വായ്പകൾ**

2 ലക്ഷം രൂപ വരെയുള്ള വായ്പകളിൻമേൽ കുടിശ്ശിക വായ്പ മുതൽ തുകയും, വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശനിരക്കോ, ഇപ്പോഴുള്ള പലിശനിരക്കോ, ഏതാണോ കുറവ് ആയത് പ്രകാരം പലിശ തുക ഈടാക്കിയും, വായ്പാ കണക്ക് അവസാനിപ്പിക്കേണ്ടതാണ്. പലിശ മുതലിനെക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പാകണക്ക് അവസാനിപ്പിക്കേണ്ടതാണ്.

പലിശ മുതലിന് അധികരിക്കാത്ത കേസുകളിൽ പലിശയുടെ 25% വരെ സംഘതല കമ്മിറ്റിക്ക് ഇളവ് നൽകാവുന്നതാണ്. സംഘം തലത്തിൽ തീർപ്പു കൽപ്പിക്കാൻ കഴിയാത്ത ഇത്തരം വായ്പകളിൽ ജില്ലാ സമിതിയുടെ തീരുമാനത്തിന് അപേക്ഷ നൽകാവുന്നതാണ്. ജില്ലാതല കമ്മിറ്റിക്ക് സംഘം തല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൻമേൽ ഇത്തരം കേസുകളിൽ 50% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്. ഇപ്രകാരം ഇളവ് ലഭിക്കുന്നതിന് വായ്പാ തുകയും നിശ്ചയിക്കുന്ന പലിശയും സംഘം തല/ജില്ലാ തല കമ്മിറ്റികൾ തീരുമാനിക്കുന്ന തീയതിക്കകം അടച്ചു തീർക്കേണ്ടതാണ്.

- **2,00,000 രൂപക്ക് മുകളിലുള്ള വായ്പകൾ**

2 ലക്ഷം രൂപക്ക് മുകളിലുള്ള കുടിശ്ശിക വായ്പകളിൻമേൽ, കുടിശ്ശിക വായ്പാ മുതൽ തുകയും, വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശനിരക്കോ ഇപ്പോഴുള്ള പലിശനിരക്കോ ഏതാണോ കുറവ് എങ്കിൽ ആയത് പ്രകാരം പലിശ തുക ഈടാക്കിയും പിഴപലിശ ഒഴിവാക്കിയും, ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ്, കോടതിച്ചെലവുകൾ. പരസ്യച്ചെലവുകൾ എന്നിവ ഈടാക്കിയും താഴെ പറയും പ്രകാരം പലിശ ഇളവ് നൽകാവുന്നതാണ്.

| ക്രമ നം. | കാലാവധി | പലിശയിളവ് |
|---|---|---|
| 1 | 1 വർഷം കുടിശ്ശികയായ വായ്പകൾക്ക് (മുതൽ പൂർണ്ണമായി കടിശ്ശികയായതോ പ്രതിമാസ ഗഡുക്കൾ തെറ്റിയതോ ആയ വായ്പകൾ) | പിഴപ്പലിശ ഒഴിവാക്കി പഴയ പലിശനിരക്കോ, പുതിയ പലിശ നിരക്കോ ഏതാണ് കുറവ് എങ്കിൽ കുറഞ്ഞ നിരക്കിൽ വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. |
| 2 | 1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | 10% |
| 3 | 3 വർഷം മുതൽ 5 വർഷം വരെ | 15% |

| | | |
|---|---|---|
| | കുടിശ്ശികയായ വായ്പകൾക്ക് | |
| 4 | 5 വർഷം മുതൽ 10 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | 20% |
| 5 | 10 വർഷത്തിന് മുകളിൽ കുടിശ്ശികയായ വായ്പകൾക്ക് | 25% |

## ➢ കുടിശ്ശികയായ കാർഷിക വായ്പകൾക്ക് (KCC)

50000 രൂപ വരെയുള്ള 3 വർഷം വരെ കുടിശ്ശികയായ കാർഷിക വായ്പകളുടെ പലിശയിൻമേൽ 25% വും 5 വർഷത്തിന് മുകളിൽ കുടിശ്ശികയായ വായ്പകളുടെ പലിശയിൻമേൽ 50% വും ഈ പദ്ധതി പ്രകാരം ഇളവ് നൽകാവുന്നതാണ്.

50000 രൂപയിലധികരിക്കുന്ന കാർഷിക വായ്പകൾക്ക് മറ്റു വായ്പകൾക്ക് ഈ പദ്ധതി പ്രകാരം നൽകുന്ന ഇളവുകൾ തന്നെ നൽകേണ്ടതാണ്.

## ➢ കൃത്യമായി വായ്പ തിരിച്ചടക്കുന്നവർക്കുള്ള ഇളവുകൾ

വായ്പാതിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി 01.04.2017 മുതൽ കൃത്യമായി തവണ തുകകൾ അടച്ചു വരുന്ന വായ്പാക്കാർക്ക് ടി വായ്പകളിൽ 2017-18 സാമ്പത്തിക വർഷം അടച്ച ആകെ പലിശയുടെ 10% വരെ ഇളവ് നൽകാവുന്നതാണ്. ഇത്തരത്തിൽ കണക്കാക്കുന്ന തുക ടി വായ്പയുടെ ബാക്കി നിൽക്കുന്ന തുകയിൽ വരവ് വെയ്ക്കാവുന്നതും വായ്പാകണക്ക് അവസാനിപ്പിച്ച് കഴിഞ്ഞവർക്ക് രൊക്കം തുകയായി തന്നെ നൽകാവുന്നതാണ്. നിലവിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് സംഘം/ബാങ്ക് തലത്തിൽ നിലവിൽ ഇളവുകൾ നൽകിയിട്ടുള്ള പക്ഷം ആയത് കണക്കിലെടുത്ത് കൊണ്ട് മാത്രമേ 10% വരെയുള്ള ഇളവ് അനുവദിക്കാവൂ.

## ➢ മരണപ്പെട്ടവരുടെ വായ്പകൾ

എല്ലാ വായ്പകൾക്കും വായ്പ എടുത്തയാൾ മരണപ്പെട്ട തീയതി മുതൽ 1 വർഷം വരെ പലിശ പൂർണ്ണമായും ഒഴിവാക്കി സംഘം തലത്തിൽ തന്നെ ഇളവ് നൽകാവുന്നതാണ്. പ്രത്യേക ഇളവ് വേണ്ട കേസുകളിൽ സംഘം തല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ തല കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ഇത്തരം കേസുകളിൽ പലിശയിൻമേൽ പരമാവധി 50% വരെ ഇളവ് അനുവദിക്കുന്നതിന് ജില്ലാതല കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

## ➢ മാരകരോഗങ്ങൾ ബാധിച്ചവരുടെ വായ്പകൾ

ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിനു വിധേയരായവർ, ഗുരുതര ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ, അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ചികിൽസിച്ച് മാറ്റാൻ കഴിയാത്ത മാനസികരോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ടി രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ (കുടുംബം എന്നാൽ അച്ഛൻ, അമ്മ, മക്കൾ) അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ മാതാപിതാക്കൾ മരണപ്പെട്ട

ശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന കുട്ടികൾ തുടങ്ങിയവരുടെ കുടിശ്ശികയായ വായ്പകളിൽ പലിശ തുകയിൽ പരമാവധി 50% വരെ ഇളവ് സംഘം തലത്തിൽ തന്നെ നൽകാവുന്നതാണ്. അതിന് മുകളിൽ ഇളവ് ആവശ്യമുള്ള കേസുകളിൽ ജില്ലാതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിക്ക് ഇളവ് നൽകാവുന്നതാണ്.

ഇത്തരം കേസുകളിൽ സർക്കാർ ആശുപത്രികൾ, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ച ആശുപത്രികൾ, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനായി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൻ കീഴിൽ വരുന്ന സഹകരണ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നു ലഭ്യമാക്കുന്ന ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധ ചികിത്സാ രേഖകളും ഹാജരാക്കേണ്ടതുമാണ്.

## ➢ നിബന്ധനകൾ

- ഈ പദ്ധതി പ്രകാരം പലിശയിളവ് ലഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ/സ്ഥാപനങ്ങളുടെ സാക്ഷ്യപത്രങ്ങൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട കേസുകളിൽ മരണസർട്ടിഫിക്കറ്റും മുകളിൽ പട്ടികയിൽ ഉൾപ്പെട്ട മാരകരോഗങ്ങൾ ബാധിച്ച കേസുകളിൽ മാരകരോഗങ്ങൾക്ക് അംഗീകൃത ആശുപത്രിയിൽ നിന്നും നൽകുന്ന സാക്ഷ്യപത്രം.
- ബന്ധപ്പെട്ട കമ്മിറ്റികൾ നിശ്ചയിച്ച തീയതിക്ക് മുൻപായി വായ്പാകണക്ക് പൂർണ്ണമായി അവസാനിപ്പിക്കുന്നവർക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്.
- പ്രതിമാസ ഗഡുക്കളായി തിരിച്ചടക്കേണ്ട വായ്പകളുടെ കുടിശ്ശിക കണക്കാക്കുന്നത് വീഴ്ച്ച വന്ന 12 ഗഡുക്കൾക്ക് 1 വർഷം, 24 ഗഡുക്കൾക്ക് 2 വർഷം എന്ന തോതിലായിരിക്കും.
- ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള അംഗ സംഘങ്ങൾക്കും ഈ സർക്കുലർ നിർദ്ദേശങ്ങൾ ബാധകമായിരിക്കും. മുമ്പ് വായ്പ യിൽ അടച്ച മുതലോ, പലിശയോ യാതൊരു കാരണവശാലും കണക്കിണെടുക്കേണ്ട തോ, പുന:പരിശോധിക്കേണ്ടതോ ഇല്ല. ബാക്കിനിൽക്കുന്ന മുതലിൽ ആണ് പലിശ കണക്കാക്കേണ്ടത്.
- ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയിൽ സംഘം/ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി, ഭരണസ മിതി അംഗങ്ങൾ എന്നിവരും അസിസ്റ്റന്റ് രജിസ്ട്രാർ/യൂണിറ്റ് ഇൻസ്പെക്ടർ, ആഡിറ്റർ, എ&ഇ ഇൻസ്പെക്ടർ/സ്പെഷ്യൽ സെയിൽ ആഫീസർ തുടങ്ങിയ വകുപ്പ് ഉദ്യോഗ സ്ഥരും നിർബന്ധമായും പങ്കെടുക്കേണ്ടതും, വായ്പാക്കാരുടെ സ്ഥിതി ബോധ്യപ്പെട്ടും വായ്പയുടെ തരംതിരിവ്, കാലാവധി, വായ്പയ്ക്ക് ആഡിറ്റിൽ വെച്ചിട്ടുള്ള കരുതൽ എന്നിവ കണക്കിലെടുത്തും, ഇളവ് അനുവദിക്കുന്നതിനുള്ള വ്യക്തമായ കാരണം രേഖ പ്പെടുത്തി വായ്പയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

- സ്വർണ്ണപ്പണയ വായ്പ, നിക്ഷേപത്തിൻ മേലുള്ള വായ്പ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.
- മുൻകാലങ്ങളിൽ ഇത്തരം പദ്ധതികളിൽപ്പെടുത്തി ആയതു വരെയുള്ള കുടിശ്ശിക മുതലും പലിശയും ഇളവുകളോട് കൂടി അടച്ചുതീർക്കുകയും ആയതിനുശേഷം വീണ്ടും ക്രമമായി അടയ്ക്കാതിരിയ്ക്കുകയും ചെയ്യുന്ന വായ്പാക്കാർക്കും, തുടർച്ച യായി അദാലത്തിൽ ഹാജരാകുകയും അദാലത്ത് തീരുമാനമനുസരിച്ച് പ്രവർത്തി ക്കാതെ വരികയും ചെയ്യുന്ന വായ്പക്കാർ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യ ത്തിന് അർഹതയുണ്ടായിരിക്കുകയില്ല.
- ഈ പദ്ധതിയുടെ ഭാഗമായി അദാലത്ത് സംഘടിപ്പിക്കേണ്ടതും ആയതിന്റെ വിവരവും വായ്പ ബാധ്യതയും, അദാലത്ത് നടത്തുന്ന തീയതി, സ്ഥലം, സമയം എന്നിവ സംബന്ധിച്ച് എല്ലാ കുടിശ്ശികക്കാർക്കും നേരിട്ടോ തപാൽ മുഖേനയോ അറി യിപ്പ് നൽകേണ്ടതാണ്.
- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയെ സംബന്ധിച്ച് പ്രാദേശികമായി വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ആകർഷകമായ പോസ്റ്റ റുകൾ, അച്ചടിപ്പിക്കാവുന്നതും ബാനറുകൾ, പരസ്യങ്ങൾ, നോട്ടീസുകൾ എന്നിവ പ്രദർശിപ്പിക്കാവുന്നതും, ഉച്ചഭാഷിണി, പ്രാദേശിക കേബിൾ ടി വി, മാധ്യമങ്ങൾ, പത്രമാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നിവ മുഖേന ചെലവു കുറഞ്ഞ പരസ്യങ്ങൾ ചെയ്യാവുന്നതുമാണ്.
- **ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ**

  2017 ഡിസംബർ 31 വരെ ബാക്കി നിൽക്കുന്ന വായ്പയുമായി ബന്ധപ്പെട്ട എല്ലാ ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകളും (വായ്പ തുകയുടെ പരിധി ബാധകമാ ക്കാതെ) നിർബന്ധമായും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട തും, കക്ഷികൾക്ക് ആർബിട്രേറ്റർ/സെയിൽ ആഫീസർമാർ അതാത് സംഘങ്ങളുടെ അദാലത്ത് ദിവസം സംഘത്തിൽ ഹാജരാകാൻ നോട്ടീസ് നൽകേണ്ടതും അദാല ത്തിൽ തീരുമാനമാകുന്ന തുക അടയ്ക്കുന്നതിന് പരമാവധി **15 ദിവസം സമയ പരിധി** നിശ്ചയിച്ച് ഉത്തരവ് നൽകേണ്ടതും തുക അടയ്ക്കുന്ന മുറയ്ക്ക് ഫയലിൽ നടപടികൾ അവസാനിപ്പിക്കേണ്ടതും ഇതു സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടുതൽ കാലപ്പഴക്കമുള്ള ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഉൾപ്പെടുത്തുന്നതിന് പ്രത്യേക പരിഗ ണന നൽകേണ്ടതും പരമാവധി തീർപ്പാക്കേണ്ടതുമാണ്. **ആർബിട്രേഷൻ/ എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേ**

**ണ്ടത് സെയിൽ ആഫീസറുടെ ചുമതലയാണ്.** ഏതെങ്കിലും കാരണവശാൽ ഫയലുകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് പിന്നീട് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്ന കേസുകളെ സംബന്ധിച്ച വിവരം സംഘം ആസ്ഥാനത്തും, ശാഖകളിലുമുള്ള നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതും, സംഘത്തിന്റെ/ബാങ്കിന്റെ വെബ്സൈറ്റ് ഉണ്ടെങ്കിൽ ആയതിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.

- കുടിശ്ശികയായിരുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അടച്ചു തീർക്കുന്ന വായ്പാക്കാർക്ക് ആവശ്യമാണെങ്കിൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് പുതിയ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം നൽകുന്ന വായ്പ നിലവിലുള്ള വായ്പയെക്കാൾ അധികരിക്കാൻ പാടുള്ളതല്ല. ജില്ലാ സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ ബാങ്ക്/അർബൻ ബാങ്കുകൾ തുടങ്ങീ ആർ ബി ഐ നിയന്ത്രണമുള്ള ബാങ്കുകൾ ഇക്കാര്യത്തിൽ ആർ ബി ഐ/നബാർഡ് വ്യവസ്ഥകളാണ് പാലിക്കേണ്ടത്.
- **സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ/ഹൗസിംഗ് സഹകരണ സംഘങ്ങൾ**

  സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും, ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും ഈ കാലയളവിൽ സർക്കുലർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഇതിനായി കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും , കേരള സഹകരണ ഹൗസിംഗ് ഫെഡറേഷനും അതാത് മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും നിയമാനുസൃതവുമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, പിഴപ്പലിശ, നോട്ടീസ് ചാർജ്, കേസ് ചിലവുകൾ എന്നിവ ഒഴിവാക്കി പരമാവധി പലിശ കുറച്ച് അംഗീകരിച്ച പദ്ധതിക്കനുസൃതമായി വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## പൊതുനിർദ്ദേശങ്ങൾ

- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 ന്റെ വിജയകരമായ നടത്തിപ്പിനായി സഹകരണ സംഘം/ബാങ്ക് തലത്തിലും, ജില്ലാ തലത്തിലും താഴെ പറയും പ്രകാരം കമ്മിറ്റികൾ രൂപീകരിക്കേണ്ടതുമാണ്. കൂടാതെ ബഹുമാനപ്പെട്ട നിയമസഭാ അംഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 സംബന്ധിച്ച കാര്യങ്ങൾ യഥാസമയം അറിയിക്കേണ്ടതുമാണ്. 2018 ഫെബ്രുവരി 15 ന് മുൻപ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, ജനറൽ

മാനേജർമാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, സംഘങ്ങൾ/ബാങ്കുകളുടെ പ്രസിഡന്റ്/സെക്രട്ടറിമാർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത്, കുടിശ്ശിക നിലവാരം വിലയിരുത്തുകയും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 സംഘടിപ്പിക്കുന്നതും നടത്തിപ്പും സംബന്ധിച്ച് വിശദീകരിക്കുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

- അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ, സർക്കിൾ യൂണിയൻ ചെയർമാൻ, താലൂക്കിലെ വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ പ്രസിഡന്റ്/സെക്രട്ടറിമാർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 2018 ഫെബ്രുവരി 15 ന് മുൻപ് കൂടി ഓരോ സംഘത്തിന്റെയും കുടിശ്ശിക നിലവാരം വിലയിരുത്തുകയും, സംഘം/ബാങ്ക് തലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നത് ഉൾപ്പെടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 നടപ്പാക്കുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കേണ്ടതും, ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതും, അദാലത്തിലേക്ക് വകുപ്പ് ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കേണ്ടതുമാണ്.
- അപ്പക്സ് ബാങ്കുകളുടെ കണക്കുകൾ ടി ബാങ്കുകൾ നേരിട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് നിശ്ചിത തീയതിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.
- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 സംഘടിപ്പിക്കുന്നതിന് ഓരോ സംഘം/ബാങ്കും ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നോഡൽ ആഫീസറായി ചുമതലപ്പെടുത്തേണ്ടതും, ടിയാനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ കുടിശ്ശികക്കാർക്കുള്ള നോട്ടീസിൽ കാണിക്കേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എല്ലാ ജോലികളും, വായ്പാക്കാർക്ക് നോട്ടീസ് അയയ്ക്കുന്നത് ഉൾപ്പെടെ നോഡൽ ആഫീസർ ഉറപ്പു വരുത്തേണ്ടതും, നോഡൽ ആഫീസറുടെ ജോലി ബന്ധപ്പെട്ട ഭരണസമിതി വിലയിരുത്തേണ്ടതുമാണ്. അർഹനായ ഒരു വ്യക്തിക്കോ/കുടുംബത്തിനോ അവസരം നഷ്ടമാകില്ല എന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ജാഗ്രത പുലർത്തേണ്ട തും, ഇതിനായി സംസ്ഥാനതലത്തിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.
- ഓരോ സംഘത്തിന്റെയും യൂണിറ്റ് ഇൻസ്പെക്ടർക്കായിരിക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 സംഘംതല മോണിറ്ററിംഗ് നടത്തുന്നതിനുള്ള ചുമതല. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം അസിസ്റ്റന്റ് രജിസ്ട്രാർ/വാലേഷൻ ആഫീസർമാർ ഇക്കാര്യം പരിശോധിക്കേണ്ടതാണ്. അസിസ്റ്റന്റ് രജിസ്ട്രാർ/വാലേഷൻ ആഫീസർമാരെ പ്രത്യേകം നിയമിക്കാത്ത പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ ചുമതലയുള്ള അസിസ്റ്റന്റ് രജിസ്ട്രാർ/വാലേഷൻ ആഫീസർക്കൊപ്പം ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർക്ക് കൂടി ഇതിന്റെ ചുമതല നൽകേണ്ടതാണ്.

" ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018" കാലാവധി അവസാനിച്ച് കഴിഞ്ഞതിന് ശേഷം, ഓരോ സംഘത്തിന്റെയും പ്രവർത്തനം സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, സംഘങ്ങൾ സന്ദർശിച്ച് വിലയിരുത്തുന്നതും, സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട നോഡൽ ആഫീസർക്കും, യൂണിറ്റ് ഇൻസ്പെക്ടർമാർക്കും, അസിസ്റ്റന്റ് രജിസ്ട്രാർക്കും എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

- ഓരോ സഹകരണ സംഘവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 പ്രകാരം നൽകുന്ന ഇളവുകൾ അനുബന്ധം (എ) യിലെ മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ അവലോകനം നടത്തുന്നതിനും മറ്റും ഇത് സഹായകരമാകുമെന്നതിനാൽ സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക്/സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങൾ എന്നിവയുടെ ഹെഡ്ഡാഫീസിലും, ശാഖകളിലും ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതിന്, അതാതു ബാങ്കുകൾ നിർദ്ദേശം നൽകേണ്ടതാണ്. ഇതോടൊപ്പം ലിസ്റ്റിന്റെ ഒരു സോഫ്റ്റ് കോപ്പി (കമ്പ്യൂട്ടർ പതിപ്പ്) ഭാവിയിലെ പരിശോധനകൾക്കായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018 പുരോഗതി വിലയിരുത്തുന്നതിനായി കണക്കുകൾ ശേഖരിച്ച് അവലോകനം ചെയ്യുന്നതിനായി മാതൃകാ പ്രൊഫോർമകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലനിൽക്കുന്ന കുടിശ്ശിക വായ്പാ കണക്കുകൾ 1-ാം നമ്പർ പ്രൊഫോർമയിൽ സംഘം/ബാങ്ക് തലത്തിൽ ശേഖരിയ്ക്കേണ്ടതും ആയത് ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, അപ്രകാരം താലൂക്ക് തലത്തിലുള്ള സംഘങ്ങളുടെ വിവരങ്ങൾ 2-ാം നമ്പർ പ്രൊഫോർമയിൽ ക്രോഡീകരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ സാക്ഷ്യപ്പെടുത്തി ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ഇതുൾപ്പെടെ **പ്രൊഫോർമ 3** തയ്യാറാക്കി ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് 20.02.2018 നകം തപാലിലും, creditlongtermrcs@gmail.com എന്ന ഇ-മെയിലിലും സമർപ്പിക്കേണ്ടതാണ്. ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് സംഘംതലത്തിൽ പ്രൊഫേർമ 4- ലും, താലൂക്ക് തലത്തിൽ **പ്രൊഫോർ 5 - ലും** ജില്ലാതലത്തിൽ പ്രൊഫോർമ 6-ലും ആർബിട്രേഷൻ കേസുകളുടെ അവലോകനം **പ്രൊഫോർമ 7-ലും** എക്സിക്യൂഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ 8-ലും തയ്യാറാക്കി അതാത് തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ 05.04.2018 നകം സഹകരണ സംഘം രജിസ്ട്രാർക്ക് തപാലിലും, creditlongtermrcs@gmail.com എന്ന ഇ-മെയിലിലും സമർപ്പിക്കേണ്ടതാണ്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ

വികസന ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ പ്രൊഫോർമയിൽ തയ്യാറാക്കി അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യേഷൻ ആഫീസർമാർ ജോയിന്റ് രജിസ്ട്രാർക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്.

## കമ്മിറ്റികൾ

| സംഘം തലത്തിൽ | | |
|---|---|---|
| 1 | അതാത് സംഘം/ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |
| 2 | എല്ലാ ഭരണ സമിതി അംഗങ്ങളും | അംഗങ്ങൾ |
| 3 | യൂണിറ്റ് ഇൻസ്പെക്ടർ | അംഗം |
| 4 | സംഘം ആഡിറ്റർ | അംഗം |
| 5 | എ & ഇ ഇൻസ്പെക്ടർ/സെയിൽ ആഫീസർ | അംഗം |
| 6 | ജീവനക്കാരുടെ ഒരു പ്രതിനിധി | അംഗം |
| 7 | പഞ്ചായത്ത് പ്രസിഡന്റ്/വാർഡ് കൗൺസിലർ | അംഗം |
| 8 | ചീഫ് എക്സിക്യൂട്ടീവ്/സെക്രട്ടറി | കൺവീനർ |

| ജില്ലാതലം | | |
|---|---|---|
| 1 | ജോയിന്റ് രജിസ്ട്രാർ(ജനറൽ) | ചെയർമാൻ |
| 2 | ചെയർമാൻമാർ സർക്കിൾ സഹകരണ യൂണിയൻ | അംഗങ്ങൾ |
| 3 | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി | അംഗം |
| 4 | എല്ലാ അർബ്ബൻ ബാങ്ക് പ്രസിഡന്റുമാരും | അംഗം |
| 5 | സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്/ഹൗസിംഗ് ഫെഡറേഷൻ ഭരണ സമിതിയിൽ ജില്ലയെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ | അംഗങ്ങൾ |
| 6 | ജനറൽ മാനേജർ/ ജില്ലാ സഹകരണ ബാങ്ക് | അംഗം |
| 7 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/പ്രതിനിധി | അംഗം |
| 8 | കോർപ്പറേഷൻ കൗൺസിലർ | അംഗം |
| 9 | പ്രാഥമിക സഹകരണ സംഘം സെക്രട്ടറീസ് അസോസിയേഷൻ പ്രസിഡന്റ്/സെക്രട്ടറി | അംഗം |
| 10 | ജീവനക്കാരുടെ 3 പ്രതിനിധികളെ അതാത് ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ അതാത് ജില്ലാതല പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ്. | അംഗം |
| 11 | ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) | കൺവീനർ |
| 12 | ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം) ജോയിന്റ് രജിസ്ട്രാർ(ജനറൽ)ആഫീസ് | ജോയിന്റ് കൺവീനർ |

- ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച്/പദ്ധതി പ്രായോഗിക പ്രശ്ന ങ്ങൾ/ജില്ലയിലെ സഹകരണ മേഖലയിൽ സ്വീകരിച്ച/സ്വീകരിച്ചുവരുന്ന കാര്യങ്ങൾ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),സഹകരണ സംഘം (ക്രെഡിറ്റ്) അഡീഷണൽ രജിസ്ട്രാർക്ക് ഫാക്സ്/ഇ–മെയിൽ മുഖേന, യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- ജില്ലാതല പ്രവർത്തനം ഫലവത്തായി ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല (നോഡൽ ആഫീസർ) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ക്ക് ആയിരിക്കും.
- സംസ്ഥാനതലത്തിൽ ഈ പദ്ധതി സംബന്ധിച്ച കാര്യങ്ങൾ ഏകോപിപ്പിക്കുന്നതി നായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) സംസ്ഥാനതല നോഡൽ ആഫീസറും ഡെപ്യൂട്ടി രജിസ്ട്രാർ (ഐ.സി.ഡി.പി), ഡെപ്യൂട്ടി നോഡൽആഫീസറും ആയിരിക്കും.
- പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ചുവടെ പരാമർശിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | | |
|---|---|---|
| 1 | ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്) | 0471-2331136(Ext. 402)<br>9447429194 |
| 2 | ഡെപ്യൂട്ടി രജിസ്ട്രാർ (ഐ.സി.ഡി.പി) | 0471- 2331136(Ext. 400),<br>9495753962 |
| 3 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 1 – സി.ബി) | 0471-2331136(Ext.414)<br>9495525000 |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 2 – സി.പി) | 0471-2331136(Ext. 424)<br>9074618497 |
| 5 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 3 – സി.എൽ.റ്റി) | 0471-2331136(Ext.409)<br>9495901573 |
| 6 | A.E.L സെക്ഷൻ | 0471-2331136(Ext.409),<br>8921839117 |
| 7 | ഫാക്സ് നമ്പർ | 0471-2331513 |

മേൽ നമ്പറുകളിൽ കൃത്യമായ വിവരം ലഭ്യമാകാത്ത പക്ഷം സഹകരണ സംഘം രജിസ്ട്രാറുടെ നമ്പരിൽ നേരിട്ട് ബന്ധപ്പെടേണ്ടതാണ്.

സഹകരണ സംഘം രജിസ്ട്രാറുടെ
ഫോൺ നമ്പർ : 0471 – 2331982, 8547857814.

ഒപ്പ്,
ഡോ. സജിത് ബാബു ഡി. ഐ എ എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ് :**

1. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും,

എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും

3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്,
തിരുവനന്തപുരം.
6. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
7. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
8. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/
കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക
ഗ്രാമവികസന ബാങ്കുകൾ.
9. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ,.........
10. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
11. പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം
12. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) /വാലേഷൻ ആഫീസർക്കും
13. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
14. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
15. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
16. രജിസ്ട്രാറുടെ മേശപ്പുറത്ത്
17. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
18. വെബ്സൈറ്റ്
19. സ്റ്റോക്ക് ഫയൽ
20 സ്പെയർ

.

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ (സി ബി )

**അനുബന്ധം – എ**

.. . . . . . . . . . . . . . . . . . .സഹകരണ സംഘം/ബാങ്ക് ക്ലിപ്തം നം.... . . . .

**കുടിശ്ശിക നിവാരണ പദ്ധതി**

# <u>നവകേരളീയം കുടിശ്ശിക നിവാരണം -2018</u>

1 . **വായ്പക്കാരന്റെ പേര്.**
2. **വായ്പ നമ്പർ.**
3. **വായ്പ തീയതി**
4. **വായ്പ തുക**
5. **വായ്പയെടുത്ത തീയതി മുതൽ നാളിതുവരെ അടച്ച തുക**
    മുതൽ
    പലിശ
    പിഴപ്പലിശ
    മറ്റിനം
    ആകെ

**6. കുടിശ്ശിക** ::
    മുതൽ
    പലിശ (. . . . . . . . .% നിരക്കിൽ)
    പിഴപ്പലിശ
    മറ്റിനം
    ആകെ

6. **ഒറ്റത്തവണ പദ്ധതി തീർപ്പാക്കൽ പദ്ധതി – 2018പ്രകാരം അടയ്ക്കേണ്ട തുക:**
    മുതൽ
    പലിശ :
    എ.ആർ.സി ഫീസ് :
    എക്സിക്യൂഷൻ ഫീസ്:
    കോടതിചെലവുകൾ:
    പരസ്യചെലവുകൾ :
    ആകെ :

**7. ഇളവനുവദിച്ചത്**
    മുതൽ :
    പലിശ :
    പിഴപ്പലിശ :
    നോട്ടീസ് ചാർജ്ജ് :
    കേസ് ചിലവ് :
    മറ്റിനം :
    ആകെ:

**8. അടച്ച തുക:**
    മുതൽ:
    പലിശ:
    മറ്റിനം:
    ആകെ:

സ്ഥലം :
തീയതി : സെക്രട്ടറി

## പ്രൊഫോർമ – 1

# നവകേരളീയം കുടിശ്ശിക നിവാരണം –2018

## 31.12.2017ലെ സംഘം തല കുടിശ്ശിക സ്റ്റേറ്റ്മെന്റ്

**സംഘം/ബാങ്കിന്റെ പേര്:**

**തുക ലക്ഷത്തിൽ**

| ക്രമ നം. | വായ്പ ക്കാരന്റെ പേര് | 31.12.2017 ലെ ആകെ വായ്പാ ബാക്കിനിൽപ്പ് | | | | വായ്പ കുടിശ്ശിക കണക്കുകൾ | | | | | | ആകെ കുടി ശ്ശിക തുക | കുടി ശ്ശിക % | ആർബിട്രേ ഷൻകേസ് | | എക്സിക്യൂഷൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | കാർഷികേ തരം | | കാർഷികം | | കാർഷികേ തരം | | പിഴ പ്പ ലിശ | മറ്റ് ചില വു കൾ | | | | | | |
| | | എണ്ണം | തു ക | എണ്ണ ം | തുക | മുതൽ | പലിശ | മുതൽ | പലിശ | | | | | എണ്ണം | തുക | എണ്ണം | തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | | |

മേൽ വിവരിച്ച കണക്കുകൾ സംഘങ്ങളിൽ നിന്നും ശേഖരിച്ചതും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.

യൂണിറ്റ് ഇൻസ്പെക്ടർ

പേര് :

യൂണിറ്റ് :

ഒപ്പ് :

ഒപ്പ് :

പേര് :

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) :

**പ്രൊഫോർമ - 2**

# നവകേരളീയം കുടിശ്ശിക നിവാരണം - 2018

## 31.12.2017 ലെ ജില്ലാ തല കുടിശ്ശിക സ്റ്റേറ്റ്മെന്റ്

**താലൂക്ക്/ജില്ല:**

**തുക ലക്ഷത്തിൽ**

| ക്രമ നം. | സംഘം/ബാങ്കിന്റെ പേര് | 31.12.2017 ലെ ആകെ വായ്പാ ബാക്കിനിൽപ്പ് | | | | വായ്പ കുടിശ്ശിക കണക്കുകൾ | | | | | | ആകെ കുടിശ്ശിക തുക | കുടിശ്ശിക % | ആർബിട്രേഷൻകേസ് | | എക്സിക്യൂഷൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | കാർഷികേതരം | | കാർഷികം | | കാർഷികേതരം | | പിഴപ്പലിശ | മറ്റ് ചിലവുകൾ | | | | | | |
| | | എണ്ണം | തുക | എണ്ണം | തുക | മുതൽ | പലിശ | മുതൽ | പലിശ | | | | | എണ്ണം | തുക | എണ്ണം | തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | | |

മേൽ വിവരിച്ച കണക്കുകൾ സംഘങ്ങളിൽ നിന്നും ശേഖരിച്ചതും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.

യൂണിറ്റ് ഇൻസ്പെക്ടർ

പേര് :

യൂണിറ്റ് :

ഒപ്പ് :

ഒപ്പ് :

പേര് :

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് രജിസ്ട്രാർ (ജനറൽ) :

## പ്രൊഫോർമ – 3

# നവകേരളീയം കുടിശ്ശിക നിവാരണം – 2018

## 31.12.2017 ലെ ജില്ലാതല കുടിശ്ശിക സ്റ്റേറ്റ്മെന്റ്(ക്രോഡീകരിച്ചത്)

**ജില്ല:** **തുക ലക്ഷത്തിൽ**

| ക്ര. നം. | സംഘം/ബാങ്കിന്റെ പേര് | 31.12.2017 ലെ ആകെ വായ്പാ ബാക്കിനിൽപ്പ് | | | | വായ്പ കുടിശ്ശിക കണക്കുകൾ | | | | | | ആകെ കുടിശ്ശിക തുക | കുടിശ്ശിക % | ആർബിട്രേഷൻകേസ് | | എക്സിക്യൂഷൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | കാർഷികേതരം | | കാർഷികം | | കാർഷികേതരം | | പിഴപ്പലിശ | മറ്റ് ചിലവുകൾ | | | | | | |
| | | എണ്ണം | തുക | എണ്ണം | തുക | മുതൽ | പലിശ | മുതൽ | പലിശ | | | | | എണ്ണം | തുക | എണ്ണം | തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| 1 | ജില്ലാ സഹകരണ ബാങ്ക് | | | | | | | | | | | | | | | | |
| 2 | പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ | | | | | | | | | | | | | | | | |
| 3 | അർബൻ സഹകരണ ബാങ്കുകൾ | | | | | | | | | | | | | | | | |
| 4 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ | | | | | | | | | | | | | | | | |
| 5 | കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| 6 | ജീവനക്കാരുടെ സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| 7 | പ്രാഥമിക ഭവന സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| 8 | വായ്പാ വിതരണം നടത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
(നോഡൽ ആഫീസർ)

ജോയിന്റ് രജിസ്ട്രാർ (ജനറൽ) :

## പ്രൊഫോർമ – 4

# നവകേരളീയം കുടിശ്ശിക നിവാരണം – 2018

## 25.3.18 ലെ സംഘം തല പുരോഗതി പട്ടിക

**സംഘം/ബാങ്കിന്റെ പേര്:** **തുക ലക്ഷത്തിൽ**

| ക്രമ നം. | വായ്പക്കാരന്റെ പേര് | വായ്പ കുടിശ്ശിക,വരവ്,കണക്കുകൾ 25/3/2018 | | | | | | ആകെ മുതൽ വരവ് (4+7) | ആകെ പലിശ വരവ് (5+8) | ആകെ കുടിശ്ശിക വരവ് (9 + 10) | വായ്പക്കാർക്ക് നൽകിയ ആനുകൂ ല്യങ്ങൾ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | | കാർഷികേതരം | | | | | | കാർഷികം | കാർഷികേതരം | |
| | | മുതൽ തുക | | പലിശ തുക | മുതൽ തുക | | പലിശ തുക | | | | പിഴപ്പലിശ/ പലിശ/ മറ്റു ചെലവുകൾ | പിഴപ്പലിശ/ പലിശ/ മറ്റു ചെലവുകൾ | |
| | | എണ്ണം | തുക | | എണ്ണം | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | |

പേര് :

യൂണിറ്റ് :

ഒപ്പ് :

ഒപ്പ് :

പേര് :

അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് രജിസ്ട്രാർ(ജനറൽ)

പ്രൊഫോർമ – 5

# നവകേരളീയം കുടിശ്ശിക നിവാരണം – 2018

25.3.18ലെ ജില്ലാ തല പുരോഗതി പട്ടിക

**ജില്ല/താലൂക്ക്:** **തുക ലക്ഷത്തിൽ**

| ക്രമ നം. | സംഘം/ബാങ്കിന്റെ പേര് | വായ്പ കുടിശ്ശിക,വരവ്,കണക്കുകൾ 25/3/2018 | | | | | | ആകെ മുതൽ വരവ് (4+7) | ആകെ പലിശ വരവ് (5+8) | ആകെ കുടിശ്ശിക വരവ് (9 + 10) | വായ്പക്കാർക്ക് നൽകിയ ആനുകൂല്യങ്ങൾ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | | കാർഷികേതരം | | | | | | കാർഷികം | കാർഷികേതരം | |
| | | മുതൽ തുക | | പലിശ തുക | മുതൽ തുക | | പലിശ തുക | | | | പിഴപ്പലിശ/ പലിശ/ മറ്റു ചെലവുകൾ | പിഴപ്പലിശ/ പലിശ/ മറ്റു ചെലവുകൾ | |
| | | എണ്ണം | തുക | | എണ്ണം | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
(നോഡൽ ആഫീസർ)

ജില്ല

അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ

## <u>പ്രൊഫോർമ – 6</u>

# <u>നവകേരളീയം കുടിശ്ശിക നിവാരണം – 2018</u>

## <u>25.3.2018ലെ ജില്ലാ തല പുരോഗതി പട്ടിക (കൺസോളിഡേറ്റഡ്)</u>

**<u>ജില്ല</u> :**

**തുക ലക്ഷത്തിൽ**

| ക്രമ നം. | സംഘം/ബാങ്കിന്റെ പേര് | വായ്പ കുടിശ്ശിക,വരവ്,കണക്കുകൾ 25/3/2018തീയതി വരെ | | | | | | ആകെ മുതൽ വരവ് (4+7) | ആകെ പലിശ വരവ് (5+8) | ആകെ കുടിശ്ശിക വരവ് (9 + 10) | വായ്പക്കാർക്ക് നൽകിയ ആനുകൂല്യങ്ങൾ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | | കാർഷികേതരം | | | | | | കാർഷികം | കാർഷികേതരം | |
| | | മുതൽ തുക | | പലിശ തുക | മുതൽ തുക | | പലിശ തുക | | | | പിഴപ്പലിശ/ പലിശ/ അറ്റു ചെലവുകൾ | പിഴപ്പലിശ/ പലിശ/ അറ്റു ചെലവുകൾ | |
| | | എണ്ണം | തുക | | എണ്ണം | തുക | | | | | | | |
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** | **11** | **12** | **13** | **14** |
| 1 | ജില്ലാ സഹകരണ ബാങ്ക് | | | | | | | | | | | | |
| 2 | പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ | | | | | | | | | | | | |
| 3 | അർബൻ സഹകരണ ബാങ്കുകൾ | | | | | | | | | | | | |
| 4 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ | | | | | | | | | | | | |
| 5 | കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ | | | | | | | | | | | | |
| 6 | ജീവനക്കാരുടെ സഹകരണ സംഘങ്ങൾ | | | | | | | | | | | | |
| 7 | പ്രാഥമിക ഭവന സഹകരണ സംഘങ്ങൾ | | | | | | | | | | | | |
| 8 | വായ്പാ വിതരണം നടത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ | | | | | | | | | | | | |
| ആകെ | | | | | | | | | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
(നോഡൽആഫീസർ)

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

## പ്രൊഫോർമ – 7

# നവകേരളീയം കുടിശ്ശിക നിവാരണം – 2018

**ജില്ല/താലൂക്ക്:**

| ആർബിട്രേഷൻ കേസുകളുടെ അവലോകനം (തുക ലക്ഷത്തിൽ) | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 31.12.2017 ലെ ബാക്കിനിൽപ്പ് | | | | | | | | | അദാലത്തിൽനടപടികൈക്കൊണ്ടത് | | അദാലത്തിൽ തീർപ്പാക്കിയത് | | 25.3.2018 ലെ ബാക്കിനിൽപ്പ് | | ബാക്കിനിൽപ്പിന്കാരണം |
| | എണ്ണം | | | | | | ആകെ | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | |
| സംഘത്തിന്റെ പേര് | 6 മാസത്തിനും 1വർഷത്തിനും ഇടയിൽ | 1 വർഷത്തിനും2 വർഷത്തിനുംഇടയിൽ | 2 വർഷത്തിനും3വർഷത്തിനുംഇടയിൽ | 3 വർഷത്തിനും 5വർഷത്തിനും ഇടയിൽ | 5 വർഷത്തിനും10 വർഷത്തിനുംഇടയിൽ | 10 വർഷത്തിനു മുകളിൽ | | | | | | | | | |
| | | | | | | | | | | | | | | | |

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## പ്രൊഫോർമ – 8

## നവകേരളീയം കുടിശ്ശിക നിവാരണം – 2018

**ജില്ല/താലൂക്ക്:**

| എക്സിക്യൂഷൻ കേസുകളുടെ അവലോകനം (തുകലക്ഷത്തിൽ) | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 31.12.2017 ലെ ബാക്കി നിൽപ്പ് | | | | | | | | | അദാലത്തിൽനടപടി കൈക്കൊണ്ടത് | | അദാലത്തിൽ തീർപ്പാക്കിയത് | | 25.03.2018 ലെ ബാക്കിനിൽപ്പ് | | ബാക്കി നിൽപ്പിന്കാരണം |
| | എണ്ണം | | | | | | ആകെ | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | |
| സംഘത്തി ന്റെ പേര് | 6 മാസത്തിനും 1വർഷത്തിനുംഇടയിൽ | 1 വർഷത്തിനും2 വർഷത്തിനുംഇടയിൽ | 2 വർഷത്തിനും3 വർഷത്തിനുംഇടയിൽ | 3 വർഷത്തിനും5വർഷത്തിനുംഇടയിൽ | 5 വർഷത്തിനും 10വർഷത്തിനും ഇടയിൽ | 10 വർഷത്തിനുമുകളിൽ | | | | | | | | | |
| | | | | | | | | | | | | | | | |

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് രജിസ്ട്രാർ (ജനറൽ)

പ്രൊഫോർമ – 9

# നവകേരളീയം കുടിശ്ശിക നിവാരണം – 2018

# സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി

**ജില്ല:**

| ക്രമ നം | വായ്പാക്കാരന്റെ പേരും, വിവരങ്ങളും (വായ്പാ തീയതി, കമ്മിറ്റി തീരുമാനം എന്നിവ ഉൾപ്പെടെ) | ആകെ വായ്പ ബാക്കി നിൽപ്പ് (മുതൽ, പലിശ ഉൾപ്പെടെ) | | ഇളവിനു ശേഷം അടയ്ക്കേണ്ട തുക | | ഇളവ് നൽകിയ തുക | | കാരണം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | മുതൽ | പലിശ | മുതൽ | പലിശ | മുതൽ | പലിശ | | |
| | | | | | | | | | |

ജോയിന്റ് രജിസ്ട്രാർ (ജനറൽ)